## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : ജാഫർ മലിക് IAS)

തിരുവനന്തപുരം,

ഉത്തരവ് നം.: E2-38666/14. തീയതി: 12.06.2019

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വകുപ്പിലെ ക്ലർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ(പി)നം.1/2014/ഉ.ഭ.പ.വ തീയതി: 03.01.2014.
2. സ.ഉ(പി) നം.21/2014/ഉ.ഭ.പ.വ തീയതി: 19.07.2014.
3. സാ.നീ.ഡയറക്ടറുടെ 17.12.14ലെ ഇ4/38666/14 നം. നടപടിക്രമം.
4. സാ.നീ.ഡയറക്ടറുടെ 2.2.17ലെ ഇ9-36379/16നം. നടപടിക്രമങ്ങൾ.

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം അനുവദിക്കുന്നതിന് പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2) ഇപ്രകാരം നിയമനം നടത്തുന്നതിനായി പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ ജില്ലാതല cadre strength-ഉം, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ബൈ-ട്രാൻസ്ഫർ നിയമനത്തിനായി ജില്ലാതലത്തിൽ ക്ലാർക്ക് തസ്തികയുടെ 10 ശതമാനം എണ്ണവും നിജപ്പെടുത്തി പരാമർശം (3) പ്രകാരവും ക്ലാസ് IV വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ജീവനക്കാരുടെ ജില്ലാതല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) ബൈ ട്രാൻസ്ഫർ നിയമനത്തിനായി പരാമർശം (3)ലെ ഉത്തരവിൻ പ്രകാരം ക്ലർക്ക് തസ്തികയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള 22 തസ്തികകളിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലയിൽ ഓരോ ഒഴിവുകൾ നിലവിലുണ്ട്. പരാമർശം (4) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജില്ലാതല അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പേര് പരാമർശിക്കുന്ന ജീവനക്കാർക്ക് ബൈട്രൈൻസ്ഫർ മുഖേന ക്ലർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

*db@19*

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, പെൻ നം. | ജില്ലാ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. |
|---|---|---|
| 1. | ശ്രീമതി. വൈ. ഗീത<br>ക്ലറിക്കൽ അറ്റൻഡർ, ജില്ല സാമൂഹ്യ നീതി ഓഫീസ് തിരുവനന്തപുരം (PEN: 211913) | തിരുവനന്തപുരം ജില്ല<br>E9-36379/16 dt: 2.2.17<br>ക്രമ നം. 8 |
| 2. | ശ്രീ. ഏ.ജെ. തോമസ്<br>ഓഫീസ് അറ്റൻഡന്റ്,ICDS വടക്കാഞ്ചേരി (PEN: 213726) | തൃശ്ശൂർ ജില്ല<br>E9-36379/16 dt: 2.2.17<br>ക്രമ നം. 4 |
| 3. | ശ്രീ. പി. അനിൽകുമാർ<br>ഓഫീസ് അറ്റൻഡന്റ്,ICDS മങ്കട (PEN: 213292) | മലപ്പുറം ജില്ല<br>E9-36379/16 dt: 2.2.17<br>ക്രമ നം. 2 |
| 4. | ശ്രീ. സി.പി. അജിത്ത് കുമാർ<br>ഓഫീസ് അറ്റൻഡന്റ്,ICDS തലശ്ശേരി (PEN: 212992) | കണ്ണൂർ ജില്ല<br>E9-36379/16 dt: 2.2.17<br>ക്രമ നം. 3 |
| 5. | ശ്രീ. എം.എസ്.വിനോദ്<br>ഓഫീസ് അറ്റൻഡന്റ്, ഗവ.ഓൾഡ് ഏജ് ഹോം, പത്തനംതിട്ട. (PEN: 212212) | പത്തനംതിട്ട ജില്ല<br>E9-36379/16 dt: 2.2.17<br>ക്രമ നം. 5 |

4) ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ജീവനക്കാർക്ക് ചുവടെ അവരവുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലത്തിൽ 19000-43600 രൂപ ശമ്പള സ്കെയിലിൽ KS & SSR ചട്ടം 28 (a)(i)ന് വിധേയമായി ക്ലർക്ക് തസ്തികയിൽ തസ്തികമാറ്റം (By Transfer) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, പെൻ നം. നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | തസ്തികമാറ്റം നൽകി ക്ലർക്ക് തസ്തികയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീമതി. വൈ. ഗീത<br>ക്ലറിക്കൽ അറ്റൻഡർ, ജില്ല സാമൂഹ്യ നീതി ഓഫീസ് തിരുവനന്തപുരം (PEN: 211913) | ICDS പാറശ്ശാല |
| 2. | ശ്രീ. ഏ.ജെ. തോമസ്<br>ഓഫീസ് അറ്റൻഡന്റ്,ICDS വടക്കാഞ്ചേരി (PEN: 213726) | ICDS ചൊവ്വന്നൂർ |
| 3 | ശ്രീ. പി. അനിൽകുമാർ<br>ഓഫീസ് അറ്റൻഡന്റ്,ICDS മങ്കട (PEN: 213292) | ഐ.സി.ഡി.എസ് മങ്കട |
| 4 | ശ്രീ. സി.പി. അജിത്ത് കുമാർ<br>ഓഫീസ് അറ്റൻഡന്റ്,ICDS തലശ്ശേരി (PEN: 212992) | ICDS പേരാവൂർ |

| | | |
|---|---|---|
| 5 | ശ്രീ. എം.എസ്.വിനോദ്<br>ഓഫീസ് അറ്റൻഡന്റ്,<br>ഗവ.ഓൾഡ് ഏജ് ഹോം,<br>പത്തനംതിട്ട.<br>(PEN: 212212) | ICDS റാന്നി |

5) ബൈട്രാൻസ്ഫർ നിയമനം മുഖേന ക്ലർക്ക് തസ്തികയിൽ നിയമനം അനുവദിച്ച ജീവനക്കാർക്ക് നിയമനാസൃത ശമ്പള നിർണ്ണയത്തിനു മാത്രം അർഹതയുണ്ടായിരിക്കും. ജീവനക്കാർ തുടർച്ചയായ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും തസ്തികമാറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ / പ്രവേശനം കാര്യാലയ മേധാവി യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് അർഹമായ പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയു ണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:

1. വനിതാ ശിശുവികസന ഡയറക്ടർ.
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ , പ്രോഗ്രാം ഓഫീസ്, തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ.
3. ശിശുവികസന പദ്ധതി ഓഫീസർ, ICDS പാറശ്ശാല, ചൊവ്വന്നൂർ, മങ്കട, പേരാവൂർ, റാന്നി.
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, SJD.
5. ഇ1 മുതൽ ഇ6 സീറ്റ് , സ്പെഷ്യൽ സെൽ.
6. ഡയറക്ടറുടെ സി.എ-ക്ക്
7. സെക്ഷൻ /സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

4

db@19